# സർക്കുലർ

144 /NSS/DHSE/2014 16 /09/2014

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന പുതിയ 50 വിദ്യാലയങ്ങളെ സന്തോഷപൂർവ്വം എൻഎസ്എസ് സെൽ സ്വാഗതം ചെയ്യുന്നു.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം പ്രവർത്തനം സുതാര്യവും വിദ്യാർത്ഥി അധിഷ്ഠിതവുമാണ്. സാമൂഹിക പ്രവർത്തനങ്ങളിലൂടെ വ്യക്തിത്വ വികസനം എന്ന ലക്ഷ്യത്തിലൂന്നി പ്രവർത്തിക്കുന്ന എൻഎസ്എസ് വിദ്യാഭ്യാസത്തിന്റെ തുടർപ്രവർത്തനത്തിലൂടെ ഓരോ വിദ്യാർത്ഥിയുടെയും വ്യക്തി ജീവിതം സാമൂഹിക പ്രവർത്തനത്തിനുകൂടി മാറ്റിവയ്ക്കുന്നു. ഹയർ സെക്കണ്ടറിയിലെ ഒന്നാം വർഷം പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നാണ് എൻഎസ്എസ് വോളണ്ടിയർമാരെ തെരഞ്ഞെടുക്കേണ്ടത്. അതിനാൽ തന്നെ ഈ തെരഞ്ഞെടുപ്പ് പ്രവർത്തനം അത്രത്തോളം പ്രാധാന്യം അർഹിക്കുന്നു.

## പുതുതായി എൻഎസ്എസ് യൂണിറ്റുകൾ ലഭിച്ച വിദ്യാലയങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പുതിയ 50 എൻഎസ്എസ് യൂണിറ്റുകളിലെ പ്രിൻസിപ്പൽമാരും പ്രോഗ്രാം ഓഫീസർമാരും ജില്ലാ കൺവീനർമാരെ ബന്ധപ്പെടേണ്ടതാണ്. യൂണിറ്റുതല പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രവർത്തന/മാർഗ്ഗരേഖ ലഭിക്കുന്നതാണ്.( ജില്ലാ കൺവീനർമാരെ ബന്ധപ്പെടേണ്ട നമ്പർ ചുവടെ ചേർക്കുന്നു)

1. ഒന്നാം വർഷത്തിൽ (+1) പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കുമായി പൊതു ശിക്ഷണം (ജനറൽ ഓറിയന്റേഷൻ) നൽകണം.

   (A) എൻഎസ്എസിന്റെ വിവിധ പ്രവർത്തനങ്ങൾ,

   (B) എൻഎസ്എസ് എന്ന സംഘടനയുടെ വിദ്യാഭ്യാസത്തിലുള്ള പ്രസക്തി,

   (C) വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നേട്ടം തുടങ്ങിയവ

   ജില്ലാ കൺവീനർ നിർദ്ദേശിക്കുന്ന പ്രോഗ്രാം ഓഫീസർ ആയിരിക്കണം ജനറൽ ഓറിയന്റേഷൻ നൽകേണ്ടത്.

2. ജനറൽ ഓറിയേന്റ്ഷനു ശേഷം താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ മാതൃക നൽകേണ്ടതാണ്.
3. വിദ്യാർത്ഥികൾ രക്ഷകർത്താവിനോട് അനുവാദം വാങ്ങിയ ശേഷമേ പൂരിപ്പിച്ച അപേക്ഷ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതുള്ളൂ.
4. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുല്യ പരിഗണന നൽകണം.

5. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളുടെയും പേര്/ക്ലാസ്സ്/ രക്ഷകർത്താവിന്റെ പേര് എന്നിവ എൻഎസ്എസ് നോട്ടിസ് ബോർഡിലും, വിദ്യാലയത്തിന്റെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.
6. ഓരോ യൂണിറ്റും/പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ കണ്ടെത്തുവാനുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. (സംശയ നിവാരണത്തിനായി ജില്ലാ കൺവീനർമാർ/ പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ സഹായം തേടാവുന്നതാണ്).
7. പ്രോഗ്രാം ഓഫീസർമാർ പ്രിൻസിപ്പൽ/മറ്റ് അധ്യാപകരുടെ സേവനം വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പിൽ ഉപയുക്തമാക്കാവുന്നതാണ്. എന്നാൽ തെരഞ്ഞെടുപ്പിന്റെ യൂണിറ്റ്തല അധികാരം പൂർണ്ണമായും പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമാണ്.
8. പ്രോഗ്രാം ഓഫീസർമാർ വിവേചനം കൂടാതെ സത്യസന്ധമായി, നീതിയുക്തമായി തെരഞ്ഞെടുപ്പ് നടത്തണം.
9. വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് വേളയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യപരിഗണന നൽകണം.
10. സയൻസ്/കോമേഴ്സ്/ഹ്യുമാനിറ്റിക്സ് ബാച്ചുകൾക്ക് തുല്യ പരിഗണന നൽകണം.
11. SC/ST,OBC/Minority/Girls എന്നിവരെ എൻഎസ്എസിൽ ചേരുവാൻ പ്രോത്സാഹനം നൽകണം.
12. എൻറോൾമെന്റ് പൂർത്തിയാകുന്നതിനു മുമ്പായി അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ മീറ്റീങ്ങ് വിളിച്ച് എൻഎസ്എസ് പ്രവർത്തനങ്ങൾ വിവരിക്കണം. അവരുടെ സഹായം വിവിധതലത്തിൽ ആവശ്യപ്പെടാം.
13. സ്പെഷ്യൽ ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായി വിദ്യാർത്ഥികൾക്ക് അറിവ് നൽകണം.
14. **സെപ്റ്റംബർ 30** നകം എൻഎസ്എസ് ജനറൽ ഓറിയന്റേഷൻ പൂർത്തിയാക്കണം.
15. തെരഞ്ഞെടുക്കപ്പെട്ട 50 വോളണ്ടിയേഴ്സിന്റെ ലിസ്റ്റ് സ്കൂൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തണം. വെയിറ്റിങ്ങ് ലിസ്റ്റ് പാടില്ല.
16. തെരഞ്ഞെടുപ്പ് പൂർത്തിയായാൽ മാത്രമേ എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുവാൻ പാടുള്ളൂ.
17. യൂണിറ്റ് തല സ്പെസിഫിക് ഓറിയന്റേഷൻ നടത്തുന്നതിനായി ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന അതാത് പെർഫോർമൻസ് കമ്മിറ്റി അംഗങ്ങളെ ബന്ധപ്പെടേണ്ടതാണ്. പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് മാത്രമേ സ്പെസിഫിക് ഓറിയന്റേഷന്റെ ചുമതല നൽകിയിട്ടുള്ളൂ.
18. എൻറോൾമെന്റ് പൂർത്തിയായാൽ യൂണിറ്റ് തലത്തിൽ 2 (M+F) വോളണ്ടിയേഴ്സ് ലീഡറെ തെരഞ്ഞെടുക്കേണ്ടതാണ്. അതോടൊപ്പം 5 സബ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും 5 ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുകയും വേണം.

## യൂണിറ്റ് തല നിർദ്ദേശങ്ങൾ

1. സാമൂഹിക പ്രതിബദ്ധതയിൽ താൽപര്യമുള്ള അധ്യാപകൻ/അധ്യാപിക യെ പ്രോഗ്രാം ഓഫീസറായി ചുമതല ഏൽക്കേണ്ടതും തുടർച്ചയായി മൂന്ന് വർഷം സേവനമനുഷ്ഠിക്കേണ്ടതുമാണ്. ( സ്കൂൾ ട്രാൻസ്ഫർ ഒഴികെ)
2. എൻഎസ്എസുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ പുകയില ഉപയോഗം, മദ്യപാനം തുടങ്ങിയ സാമൂഹിക തിന്മകളിൽ നിന്ന് ഒഴി ഞ്ഞു നിൽക്കുന്നവരായിരിക്കണം.
3. പ്രോഗ്രാം ഓഫീസറുടെ പേര്, ഫോൺനമ്പർ, വിഷയം, ഇ-മെയിൽ ഐഡി, സമ്മതപത്രം എന്നിവ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി സെപ്റ്റംബർ 22 നകം എൻഎസ്എസ് സെല്ലിൽ അറിയിക്കേണ്ടതാണ്.
4. പുതിയ യൂണിറ്റുകളിൽ ആദ്യവർഷം +1 ലെ 50 വിദ്യാർത്ഥികൾക്ക് മാത്രമേ എൻഎസ്എസ് യൂണിറ്റിൽ വോളണ്ടിയർ ആയി സേവനം അനുഷ്ഠിക്കാൻ കഴിയുകയുള്ളൂ.
5. യൂണിറ്റിന് ബോർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും പൊതുജനങ്ങൾക്ക് കാണാൻ ഉതകുന്നതരത്തിലും ആയിരിക്കണം.
6. എല്ലാ വിദ്യാലയത്തിലും എൻഎസ്എസ് യൂണിറ്റിന് സ്വന്തമായി ഓഫീസ് റൂം ഉണ്ടായിരിക്കേണ്ടതാണ്.
7. പ്രോഗ്രാം ഓഫീസർ എറണാകുളം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് കളമശ്ശേരിയിലെ പ്രോഗ്രാം ഓഫീസർമാർക്കുള്ള 7 ദിവസത്തെ സഹവാസ ട്രെയിനിങ്ങിൽ ആദ്യവർഷം തന്നെ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ട്രെയിനിങ്ങ് ഷെഡ്യൂൾ എൻഎസ്എസ് സെല്ലിൽ നിന്നും അറിയിക്കുന്നതാണ്. കൂടാതെ ഹയർ സെക്കണ്ടറി എൻഎസ്എസ് നടത്തുന്ന ക്യാമ്പുകൾ, പഠന ക്ലാസ്സുകൾ, ശിൽപശാല, ജില്ലാ സംസ്ഥാന പരിപാടികൾ എന്നിവയിലും പങ്കെടുക്കേണ്ടതാണ്.
8. ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം ശക്തവും സുതാര്യവുമാണ്. പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുന്നതിനായി വിവിധതലത്തിൽ പ്രവർത്തിക്കുന്ന നേതൃത്വങ്ങളുണ്ട്. അവരുമായുള്ള ആശയ വിനിമയം പ്രാധാന്യമർഹിക്കുന്നു.
9. എൻഎസ്എസ് വിവിധ പ്രവർത്തനങ്ങൾ നടത്തുമ്പോൾ പ്രവർത്തനശൈലി, പദ്ധതി/പരിപാടിയുടെ ആസൂത്രണം, നടത്തിപ്പ് തുടങ്ങിയവ സംശയങ്ങൾക്ക് അതീതമായിരിക്കണം. ആശയങ്ങൾകൊണ്ട് സംപുഷ്ടമായിരിക്കണം.
10. **എൻഎസ്എസ് ന്റെ പരിപാടികളിൽ പ്രോട്ടോകോൾ കൃത്യമായി പാലിക്കണം.**
11. നാഷണൽ സർവ്വീസ് സ്കീമിന്റെ സംഘടനാ സംവിധാനം പൂർണ്ണമായും മനസിലാക്കുകയും ഓരോ വ്യക്തികൾക്കുമുള്ള Designation മനസിലാക്കുകയും വേണം. **Designation തെറ്റായി രേഖപ്പെടുത്തുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.**

12. എൻഎസ്എസ് പ്രവർത്തനങ്ങൾ സാമൂഹിക സന്നദ്ധ പ്രവർത്തനമാണ്. സന്നദ്ധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് പദ്ധതികൾ/പരിപാടികൾ നടത്തുന്നത്.പണപ്പിരിവോ/എൻഎസ്എസിന് നിരക്കാത്ത തരത്തിൽ ഫണ്ട് ശേഖരണമോ ഉണ്ടായാൽ യാതൊരു കാരണവശാലും ആ യൂണിറ്റിനെ തുടർന്ന്പ്രവർത്തിക്കുന്നതിന് അനുവദിക്കുന്നതല്ല .
13. രജിസ്റ്റർ/റെക്കോർഡ്സ് തുടങ്ങിയ രേഖകൾ എല്ലാം എൻഎസ്എസ് യൂണിറ്റിൽ സൂക്ഷിക്കേണ്ടതും അതാത് സമയം വിവരങ്ങൾ ചേർക്കേണ്ടതുമാണ്.
14. യൂണിറ്റ്തല Advisory Committee വിളിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കാം.
15. പ്രിൻസിപ്പലിന്റെയും പ്രോഗ്രാം ഓഫീസറുടെയും പേരിലുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ട് എൻഎസ്എസ് പ്രവർത്തനങ്ങൾക്ക് മാത്രമായി ഉണ്ടായിരിക്കേണ്ടതാണ്
16. സാമൂഹിക പ്രവർത്തനങ്ങളിലൂടെ വ്യക്തിത്വ വികസനം എന്ന ഉത്തമ ലക്ഷ്യം പ്രോഗ്രാം ഓഫീസർ മനസിലാക്കി വേണം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാനും നടപ്പിലാക്കാനും ശ്രമിക്കേണ്ടത്. യഥാർത്ഥ ആശയം വിദ്യാർത്ഥികളിൽ എത്തിക്കുക എന്നതാവണം ആത്യന്തികമായ ലക്ഷ്യം.
17. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും വോളന്റിയർമാർ ലീഡറുടെ നേതൃത്വത്തിൽ യോഗം ചേരുകയും പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയും ചർച്ച ചെയ്യുകയും വേണം.
18. യൂണിറ്റ് തല പ്രവർത്തനങ്ങൾ കൃത്യമായ വേളകളിൽ യഥാസമയം റിപ്പോർട്ട് ചെയ്യണം(ക്ലസ്റ്റർ,ജില്ല,സംസ്ഥാനതലം)
19. എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരുടെ മാതൃക വിദ്യാർത്ഥികൾ പിന്തുടരുന്നുണ്ടാകും. എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാർ എൻഎസ്എസ് വോളണ്ടിയേഴ്സിനും മറ്റ് വിദ്യാർത്ഥികൾക്കും സമൂഹത്തിനും ഉത്തമ മാതൃകയായിരിക്കണം, അനുകരണീയമായ കർമപഥങ്ങളിലൂള്ളവരും ആയിരിക്കണം.
20. ഒക്ടോബർ 20 നകം എൻറോൾമെന്റ് ലിസ്റ്റ് ജില്ലാ കൺവീനർ മുഖാന്തിരം എൻഎസ്എസ് സെല്ലിൽ എത്തിക്കേണ്ടതാണ്.
21. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രോഗ്രാം ഓഫീസർ അധ്യാപികയായിരിക്കണം.
22. എൻഎസ്എസിന്റെ പ്രവർത്തനങ്ങളിൽ വിദ്യാലയത്തിലെ എല്ലാ അധ്യാപകരുടെയും പ്രത്യേകിച്ച് അധ്യാപികമാരുടെ സേവനം പ്രിൻസിപ്പിലിന്റെ നേതൃത്വത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.
23. ഓരോ എൻഎസ്എസ് യൂണിറ്റിനും Adopted village ഉണ്ടായിരിക്കണം.

    ഉദാ: ഒരു വാർഡ്/ഒരു പ്രദേശം/ പഞ്ചായത്ത്/ഒന്നോ അതിലധികമോ വാർഡ്/ ചേരി പ്രദേശം/ കോളനി etc.

എൻഎസ്എസ് യൂണിറ്റുകൾ ലഭിച്ച വിദ്യാലയങ്ങൾ യൂണിറ്റുകളുടെ പ്രവർത്തനോദ്ഘാടനം ചെയ്യേണ്ടതും എൻഎസ്എസ് സെല്ലിൽ മുൻകൂട്ടി അറിയിച്ച് ഉദ്ഘാടന തീയതി നിശ്ചയിക്കേണ്ടതുമാണ്. ഉദ്ഘാടന വേദിയിൽ എൻഎസ്എസ് ഔദ്യോഗിക പ്രതിനിധി ഉണ്ടായിരിക്കേണ്ടതാണ്. ഉദ്ഘാടനത്തിനായി തയ്യാറാക്കുന്ന നോട്ടീസ് ജില്ലാ കൺവീനർമാരെ കാണിച്ച് അനുമതി വാങ്ങിയിരിക്കണം.

പുതിയ 50 എൻഎസ്എസ് യൂണിറ്റുകളിലെയും മേഖലാ ത്രിദിന സഹവാസ ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്ന പ്രോഗ്രാം ഓഫീസർമാരുടെയും ത്രിദിന സഹവാസ ശിൽപശാല **സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ** മാവേലിക്കര ബദനി ആശ്രമത്തിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ പ്രോഗ്രാം ഓഫീസർമാരും പങ്കെടുക്കേണ്ടതും കൃത്യസമയം പാലിക്കേണ്ടതുമാണ്.

പുതിയ എൻഎസ്എസ് യൂണിറ്റിലെ വോളണ്ടിയർ ലീഡർഷിപ്പ് ട്രെയിനിങ്ങ് ഒക്ടോബർ മാസത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ലീഡർഷിപ്പ് ട്രെയിനിങ്ങ് ക്യാമ്പിന്റെ തീയതി തുടർന്ന് അറിയിക്കുന്നതാണ്.

| District | DISTRICT CONVENORS |
|---|---|
| Thiruvananthapuram | Thomas K Stephen (9447071661) |
| Kollam | Sreenivasan S (9388862688) |
| Pathanamthitta | Varghese Mathew Tharakan (9446617091) |
| Alappuzha | Bijikumar (9400511533) |
| Kottayam | Alby Anto (9495164552) |
| Ernakulum | Binoy K Joseph (9447465762) |
| Idukki | Rajan Thomas (9446719933) |
| Thrissur | M Sudheer (9446904351) |
| Palakkad | Gopalan C.S (9946788668) |
| Malappuram | Mohammed Ashraf K (9447358867) |
| Kozhikode | Fasalul Haque.K.C (9447021350) |
| Wayanad | Joseph.M.J (9447465762) |
| Kannur | Thomas.P.V (9447368693) |
| Kasaragod | Suresh Babu (9446269356) |

ഒപ്പ്
പ്രോഗ്രാം കോ ഓഡിനേറ്റർ